**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1176** **30.09.2016 ൽ മറുപടിയ്ക്ക്**

## റോഡു സുരക്ഷാനിയമങ്ങൾ

| **ചോദ്യം**<br><br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദുൽ ഹമീദ്.പി.<br>ശ്രീ.പി.ഉബൈദുള്ള | | **ഉത്തരം**<br><br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റോഡു സുരക്ഷാനിയമങ്ങളുടെയും, അവയുടെ നടപ്പാക്കലിന്റെയും കാര്യത്തിൽ ജനങ്ങളുടെ ജീവനും, സ്വത്തിനും പരമാവധി സംരക്ഷണം ലഭിക്കത്തക്കവിധത്തിലുള്ള നയമാണോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് മുൻഗണന നൽകിക്കൊണ്ടാണ് റോഡ് സുരക്ഷാ നിയമങ്ങൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | ഹെൽമെറ്റ് നിർബന്ധമാക്കിയും ഒരു വിഭാഗം വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധിതമാക്കിയും റോഡപകടങ്ങൾ നിയന്ത്രിക്കാ-നാവുമെന്ന് കരുതുന്നുണ്ടോ: | (ബി) | ഹെൽമെറ്റ് നിർബന്ധമാക്കി കൊണ്ടും, സ്പീഡ് ഗവർണർ ഘടിപ്പിച്ചതുകൊണ്ടും റോഡപകടങ്ങൾ മൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതരപരിക്കുകളും ഒരു പരിധി വരെ കുറയ്ക്കാൻ കഴിയുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ അപകടങ്ങൾക്ക് കാരണമായ അമിതവേഗതയും, അശ്രദ്ധമായ ഡ്രൈവിംഗും ഫലപ്രദമായി നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും |

| | | | |
|---|---|---|---|
| | | | സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോട്ടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകി വരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിയ്ക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ